# സാങ്കേതിക കാരണങ്ങൾ ചൂണ്ടിക്കാട്ടി പ്രോവിഡന്റ് ഫണ്ടിലെ സംഖ്യ തൊഴിലാളിക്ക് നിഷേധിക്കരുത്

## ഡൽഹി ഹൈക്കോടതി

W.P. (C) No. 3331/2018 Dt. 6.4.2018

രമേഷ് ചന്ദർ പാണ്ഡെ

x

എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്
ഓർഗനൈസേഷൻ

2009–ലാണ് തൊഴിലാളി സ്ഥാപനത്തിലെ ജോലിയിൽ പ്രവേശിച്ചത്. ഇ.പി.എഫ്. നിയമം സ്ഥാപനത്തിനു ബാധകമായിരുന്നു. തൊഴിലാളി ഇ.പി.എഫ്. പദ്ധതിയിൽ ചേരുകയും വിഹിതമടയ്ക്കുകയും ചെയ്തു. 2016–ൽ തൊഴിലാളി ജോലി രാജിവച്ചു. അതിനു ശേഷം തനിക്ക് അർഹതപ്പെട്ട പ്രോവിഡന്റ് ഫണ്ട് സംഖ്യ നല്കണമെന്നാവശ്യപ്പെട്ട് തൊഴിലാളി പി.എഫ്. അധികൃതർക്ക് അപേക്ഷ നല്കി. അപേക്ഷ നല്കിയത് ശരിയായ ഫോമിലല്ലെന്നും അപേക്ഷ തൊഴിലുടമ സാക്ഷ്യപ്പെടുത്തിയിട്ടില്ലെന്നും ചൂണ്ടിക്കാണിച്ച് ഇ.പി.എഫ്. അധികൃതർ തൊഴിലാളിയുടെ അപേക്ഷ നിരസിച്ചു. തുടർന്ന് ന്യൂനതകൾ പരിഹരിച്ച് പുതിയ അപേക്ഷ തൊഴിലാളി സമർപ്പിച്ചു. എന്നിട്ടും തൊഴിലാളിക്ക് പണം ലഭിച്ചില്ല. തുടർന്ന് അന്വേഷിച്ചപ്പോൾ, അപേക്ഷ കാണാനില്ലെന്നും അതിനാൽ തള്ളിക്കളഞ്ഞുവെന്നുമാണ് മറുപടി ലഭിച്ചത്. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. യഥാവിധിയുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് ഇ.പി.എഫ്. അധികൃതർ സമ്മതിച്ചു. എന്നാൽ, അപേക്ഷ കാണാനില്ലാത്തതിനാൽ തൊഴിലുടമ വഴി തൊഴിലാളി അത് അന്വേഷിക്കുകയാണ് വേണ്ടതെന്ന് ഇ.പി.എഫ്. അധികൃതർ ബോധിപ്പിച്ചത് ഹൈക്കോടതി അംഗീകരിച്ചില്ല. തൊഴിലാളി കഠിനമായി അദ്ധ്വാനിച്ച് സമ്പാദിച്ച പണം സാങ്കേതിക കാരണങ്ങൾ ചൂണ്ടിക്കാട്ടി നിഷേധിക്കുന്നത് കടുത്ത അന്യായമാണെന്ന് ഓർമ്മിപ്പിച്ച ഹൈക്കോടതി ഒരു മാസത്തിനുള്ളിൽ തൊഴിലാളിക്കു കൊടുക്കാനുള്ള പണം അയാളുടെ ബേങ്ക് എക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കണമെന്ന് ഇ.പി.എഫ്. അധികൃതർക്ക് കർശന നിർദ്ദേശം നല്കി.